# രണ്ട് രൂപ നിരക്കിൽ അരി പദ്ധതി - വിപുലീകരണം

നെയ്യാറ്റിൻകര

02.06.2010

രണ്ട് രൂപ നിരക്കിൽ അരിയും ഗോതമ്പും കൂടുതൽ കുടുംബ ങ്ങൾക്ക് ലഭ്യമാക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഏറെ സന്തോഷത്തോടെ നിർവ്വഹിച്ചതായി അറിയിക്കുന്നു. കേന്ദ്രമാന ദണ്ഡപ്രകാരം പതിനൊന്ന് ലക്ഷത്തി എഴുപത്തൊമ്പതിനായിരം പേരാണ് ദാരിദ്ര്യരേഖക്ക് താഴെ നമ്മുടെ സംസ്ഥാനത്തുള്ളത്. തികച്ചും അശാസ്ത്രീയമായ ആ രേഖയെ മാറ്റിക്കൊണ്ട് ഇരുപത്താറ് ലക്ഷത്തോളം കുടുംബങ്ങൾക്കാണ് രണ്ട് രൂപ നിരക്കിൽ അരി ലഭ്യമാക്കുന്നത്. എന്നിട്ടും ദാരിദ്രരായ ലക്ഷക്കണക്കിന് കുടുംബ ങ്ങൾ ഗുണഭോക്തൃ പട്ടികയിൽനിന്ന് പുറത്താണ്. ഈ സാഹചര്യ ത്തിലാണ് പരമ്പരാഗത വ്യവസായമേഖലയിലെ തൊഴിലാളി കളെയും കർഷകതൊഴിലാളികളെയും അമ്പത് ദിവസമെങ്കിലും തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിച്ചവരെയുമെല്ലാം ഉൾപ്പെടുത്തി ഈ പദ്ധതി വിപുലപ്പെടുത്തുന്നത്. ഈ കുടുംബങ്ങളെല്ലാം ചേരുമ്പോൾ മുപ്പത്താറ് ലക്ഷത്തോളം കാർഡുടമകളാകും. അതാ യത് സംസ്ഥാനത്തെ മൊത്തം എഴുപത് ലക്ഷം കാർഡുടമകളിൽ പകുതിയിലേറെപേരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകും. കേന്ദ്രമാനദണ്ഡപ്രകാരമുള്ള ബി.പി.എൽ. ലിസ്റ്റിന്റെ മൂന്ന് മടങ്ങ് വലിപ്പ മുള്ള ഒരു ലിസ്റ്റാകും ഈ പദ്ധതിയുടെ ഗുണഭോക്തൃ പട്ടിക.

ഒരുകൊല്ലത്തേക്ക് അഞ്ഞൂറ് കോടിയോളം രൂപയാണ് ഇ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്.

ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നാല് വർഷം പൂർത്തി യാക്കുന്ന ഘട്ടത്തിൽ ഇങ്ങനെയൊരു മഹത്തായ പദ്ധതി തുടങ്ങാൻ കഴിയുന്നതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്. കേന്ദ്രഗവൺമെന്റിന് നേതൃത്വം നൽകുന്ന യു.പി.എ. ഒരുവർഷം മുമ്പ് പ്രഖ്യാപിച്ചത് ബി.പി.എൽ. കാർഡുടമകൾക്ക് മൂന്ന് രൂപ നിരക്കിൽ ഭക്ഷ്യധാന്യം ലഭ്യമാക്കുമെന്നാണ്. അത് ഇതേവരെ നടന്നില്ല. നമ്മുടെ സംസ്ഥാനത്തെ എ.പി.എൽ. റേഷനരി വിഹിതം ഒരുലക്ഷത്തി പതിമൂവായിരത്തി നാനൂറ്റിരുപത് ടണ്ണായിരുന്നത് 86 ശതമാനം വെട്ടിച്ചുരുക്കി. അർഹതപ്പെട്ട വിഹിതം പുനഃസ്ഥാപിക്കാൻ ഇനിയും തയ്യാറായിട്ടില്ല. നമ്മുടെ സമ്മർദ്ദം മുറുകുമ്പോൾ പതിനായിരമോ പതിനയ്യായിരമോ ടൺ തരും ഒരു ഔദാര്യംപോലെ. എ.പി.എൽ. അരിയുടെ വില എട്ട് രൂപ തൊണ്ണൂറ് പൈസയാണെങ്കിൽ പുതുതായി നൽകുന്ന അരിക്ക് മുന്നും മൂന്നരയും രൂപ അധികം നൽകണം. അതായത് ഒരു സഞ്ചിയിൽ മൂന്നും നാലും തരം വിലയുള്ള അരി ഒന്നിച്ചു വാങ്ങേണ്ട ഗതികേടിലാക്കുകയാണ് കേന്ദ്രസർക്കാർ. അത്തരം പ്രതികൂലാവസ്ഥയിലാണ് 36 ലക്ഷത്തോളം കുടുംബ ങ്ങൾക്ക് രണ്ട് രൂപനിരക്കിൽ നാം അരി ലഭ്യമാക്കുന്നത്. കേന്ദ്രം ബി.പി.എൽ. അരിവിഹിതം വർധിപ്പിച്ചാൽ ബി.പി.എൽ. കുടുംബ ങ്ങൾക്ക് നൽകുന്ന 25 കിലോ തോതിൽത്തന്നെ 35 ലക്ഷത്തിൽ ബാക്കിവരുന്ന കുടുംബങ്ങൾക്കും അരി നൽകാനാവും. അത് ലഭ്യ മാകാത്തതിനാലാണ് രണ്ട് രൂപ നിരക്കിലുള്ള അരിയുടെ തോതിൽ വ്യത്യസ്തതയുണ്ടാകുന്നത്.

ഈ പദ്ധതി ഒറ്റപ്പെട്ട ഒന്നല്ല. പാവപ്പെട്ട കുടുംബങ്ങൾക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കി പട്ടിണി പൂർണമായും നിർമാർജനം ചെയ്യുന്നതിനൊപ്പം ആരോഗ്യ സുരക്ഷ ഉറപ്പാക്കാനും നടപടിയെടുത്തു. കഴിഞ്ഞയാഴ്ച ഉദ്ഘാടനം ചെയ്ത സൗജന്യ ആരോഗ്യ ഇൻഷുറൻസ് വിപുലീകരണപദ്ധതി 35 ലക്ഷത്തിൽപരം കുടുംബങ്ങൾക്ക് ആശ്വാസമേകും. അഞ്ചംഗ കുടുംബത്തിന് പ്രതിവർഷം മുപ്പതിനായിരം രൂപയുടെ ചികിത്സാ സൗജന്യമാണനുവദിക്കുന്നത്. ചില പ്രത്യേക രോഗങ്ങളുടെ കാര്യത്തിൽ ഒരുലക്ഷം രൂപവരെയുള്ള ചികിത്സാസൗജന്യം നൽകുന്ന കാര്യവും പരിഗണനയിലാണ്. ഭക്ഷ്യ സുരക്ഷയും വിപണിയിൽ ഇടപെട്ടുകൊണ്ട് നിത്യോപയോഗസാധനങ്ങൾ ന്യായവിലക്ക് ലഭ്യമാക്കലും ആരോഗ്യസുരക്ഷയും മാത്രമല്ല, എല്ലാ വിഭാഗത്തിന്റെയും ക്ഷേമപെൻഷനുകൾ മൂന്നുമടങ്ങോളമായി വർധിപ്പിച്ചു. ക്ഷേമപെൻഷനില്ലാത്ത ഒരു വിഭാഗവുമില്ല. ഈ ഗവൺമെന്റ് വന്നശേഷം പുതുതായി അരക്കോടിയിലേറെപ്പേരെ ക്ഷേമനിധിപരിധിയിൽ കൊണ്ടുവന്നു. കാർഷികമേഖലയിലും വ്യവസായമേഖലയിലും പണിയില്ലാത്ത സ്ഥിതിയായിരുന്നു നാല് കൊല്ലംമുമ്പ്. കടക്കെണി കാരണം കാർഷികപ്രതിസന്ധിയും കർഷക ആത്മഹത്യയും നടമാടുകയായിരുന്നു. അതുകൊണ്ട് കർഷകതൊഴിലാളികൾക്ക് പണിയില്ലായിരുന്നു. തോട്ടങ്ങൾ അടച്ചുപൂട്ടിയതിനാൽ തോട്ടംതൊഴിലാളികൾക്ക് പണിയില്ലായിരുന്നു. പല വ്യവസായശാലകളും പൂട്ടിയിട്ടിരിക്കുകയായിരുന്നു. ഇന്ന് കർഷക ആത്മഹത്യ ഇല്ല. കാർഷികമേഖലയിൽ പുതിയ ഉണർവുണ്ടായി. തോട്ടങ്ങൾ തുറന്നു. പൂട്ടിയ വ്യവസായശാലകൾ തുറന്നു. അങ്ങനെ എല്ലാരംഗത്തും പുതിയ ഉണർവുണ്ടായി. അതിന്റെ മേലെയാണ് ക്ഷേമനിധി വിപുലീകരണവും ആനുകൂല്യങ്ങളുടെ വർധനയും. അതോടൊപ്പം രണ്ട് രൂപനിരക്കിൽ അരിയും സൗജന്യചികിത്സാ പദ്ധതിയും.

ഇങ്ങനെ എല്ലാനിലയിലും പാവപ്പെട്ടവരുടെ ദുരിതങ്ങളകറ്റാനും അവർക്ക് കഴിയാവുന്നത്ര ക്ഷേമം കൈവരുത്താനും കഴിഞ്ഞുവെന്ന ചാരിതാർത്ഥ്യത്തോടെയാണ് എൽ.ഡി.എഫ്. സർക്കാർ അഞ്ചാം വർഷത്തേക്ക് കടന്നത്. ഇതുമാത്രമല്ല, വികസനപ്രവർത്തനങ്ങളുടെ കാര്യത്തിലും കാർഷിക-വ്യാവസായികോല്പാദനം വർധിപ്പിക്കുന്ന തിലും പുതിയ വികസനസംരംഭങ്ങളുടെ കാര്യത്തിലുമെല്ലാം അഭൂത പൂർവമായ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. ഈ അടിത്തറയിൽ നിന്നുകൊണ്ട് എല്ലാ മേഖലയിലും കൂടുതൽ പുരോഗതി കൈവരി ക്കുന്നതിനുള്ള കർമപദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് മുന്നോട്ടു പോവുകയാണ് ഇടതുപക്ഷ ജനാധിപത്യപത്യമുന്നണി ഗവൺമെന്റ്. ഈ മുന്നേറ്റത്തിന് എല്ലാവരുടേയും ആത്മാർത്ഥ സഹകരണമുണ്ടാ കണമെന്നഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

നന്ദി, നമസ്ക്കാരം...